**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5731** **24-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളുടെ കെട്ടിട നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ഓഫീസുകൾക്ക് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നികുതി നൽകേണ്ടതുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ഓഫിസുകൾക്ക് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നികുതി നൽകേണ്ടതുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 235(1) കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207(1) എന്നിവ പ്രകാരം വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന സർക്കാർ കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന സർക്കാർ വക ഹോസ്റ്റൽ കെട്ടിടങ്ങളും,സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ,അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗബാധിതർക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതുമായ സർക്കാർ വക കെട്ടിടങ്ങൾ, പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന സർക്കാർ വക ഗ്രന്ഥശാലകളും, വായനശാലകളും, കളിസ്ഥലങ്ങളെയും കെട്ടിടങ്ങളെയും നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങളെയും കെട്ടിട നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നമ്പർ ലഭിക്കുന്നതിന് | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് നമ്പർ ലഭിക്കുന്നതിന് ഇളവ് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ